(ബി) എങ്കിൽ എത്രലക്ഷം രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിപ്രകാരം ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) 1784.81 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്.

(സി) തരിശുഭൂമി വികസന പരിപാടി മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പാക്കുന്നതിനാണ് അനുമതി ലഭിച്ചത്. ഇതിൽ പാലക്കാട് ജില്ലയിൽ രണ്ടും, മറ്റു നാലു ജില്ലകളിൽ ഓരോ പദ്ധതികളുമാണ് നടന്നുവരുന്നത്. തരിശുഭൂമി വികസന പരിപാടിയിൽ അനുമതി ലഭിച്ചിട്ടുള്ള അഞ്ചു ജില്ലകളിലും വനവൽക്കരണം, വനഭൂമികളുടെ പുനരുദ്ധാരണം, പരിസ്ഥിതി സംരക്ഷണത്തോടുകൂടിയ നീർമറി വികസനം, മണ്ണു സംരക്ഷണം മുതലായ പരിപാടികളാണ് നടപ്പാക്കുന്നത്.

16 (*246) ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജല പദ്ധതികളുടെ വിവരവും അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ;

(ഡി) പല പദ്ധതികളുടെയും നിർമ്മാണത്തിൽ വളരെയേറെ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാലതാമസം ഒഴിവാക്കി ഓരോ പദ്ധതിയും സമയബന്ധിതമായി പൂർത്തിയാക്കാൻ ഉന്നതതലത്തിൽ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധം എ-യിൽ ചേർത്തിരിക്കുന്നു.†

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും ഈയിടെ അംഗീകാരം കിട്ടി നിർമ്മാണം ആരംഭിക്കാൻ പോകുന്നതുമായ എ.ആർ.പി, (100 എണ്ണം) എൽ.ഐ.സി./ഹഡ്കോ (89 എണ്ണം) പദ്ധതികളുടെ പേരും അടങ്കൽ തുകയും പദ്ധതികളുടെ പ്രവർത്തന പുരോഗതിയും യഥാക്രമം അനുബന്ധം 1,2 ആയി ചേർത്തിരിക്കുന്നു.†

ഒ.ഇ.സി.എഫ്. ജപ്പാന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടേയും കേന്ദ്രഗവൺമെന്റിന്റെ ടെക്നോളജി മിഷൻ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം 3-ആയി ചേർത്തിരിക്കുന്നു.†

(സി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന എ.ആർ.പി., എൽ.ഐ.സി./ഹഡ്കോ പദ്ധതികളുടെ അടങ്കൽ തുകയും പ്രവർത്തന പുരോഗതിയും യഥാക്രമം അനുബന്ധം 1,2-ൽ ചേർത്തിട്ടുണ്ട്.† ഒ.ഇ.സി.എഫ് പദ്ധതികൾ തുടർന്നും അംഗീകാരം ലഭിച്ചാൽ 2003-ാം ആണ്ടോടുകൂടി പൂർത്തീകരിക്കാൻ കഴിയും. ടെക്നോളജി മിഷൻ പദ്ധതികൾ, അടുത്ത രണ്ട് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി)&(ഇ) ഉണ്ട്. കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന എ.ആർ.പി. പദ്ധതികൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് അതാത് പഞ്ചായത്തുകളുടെ ചുമതലയാണ്. മുമ്പ് അംഗീകാരം കിട്ടിയ പല പദ്ധതികൾക്കും പദ്ധതി ഘട്ടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കാത്തതുമൂലം പണികൾ തുടങ്ങാൻ കാലതാമസം ഉണ്ടാകുന്നു. അതിനാൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. എൽ.ഐ.സി./ഹഡ്കോ തുടങ്ങി മറ്റ് പദ്ധതികൾക്കും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ വളരെയധികം കാലതാമസം നേരിടുന്നു. ഫണ്ടിന്റെ അപര്യാപ്തത, സാങ്കേതിക കാരണങ്ങൾകൊണ്ട് ടെണ്ടർ നടപടിക്രമങ്ങളിൽ വരുന്ന കാലതാമസം, കോൺട്രാക്ടർമാർ ഇടയ്ക്കുവച്ച് പണികൾ നിർത്തുക, പൈപ്പുകൾ യഥാസമയം കിട്ടാതിരിക്കുക തുടങ്ങിയ കാരണങ്ങൾകൊണ്ടും പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം വരുന്നു.

രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം • എന്ന പരിപാടിയുടെ ഭാഗമായി, ഫണ്ടിന്റെ അപര്യാപ്തത, സ്ഥലമെടുപ്പു നടപടികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുക തുടങ്ങിയവ മൂലം നടപ്പിലാക്കാൻ കാലതാമസം ഉണ്ടായ 128 പ്രധാന പദ്ധതികൾ തെരഞ്ഞെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരമാണിത്. ഇതനുസരിച്ച് 1998-99-ൽ 65 പദ്ധതികൾ, 1999-2000-ത്തിൽ 22 പദ്ധതികൾ, 2000-01-ൽ 41 പദ്ധതികൾ എന്നിങ്ങനെയാണ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 98-99-ൽ 39 പദ്ധതികൾ പൂർത്തീകരിച്ചു. 98-99-ലെ ബാക്കിയുള്ള 26 പദ്ധതികളും നടപ്പു സാമ്പത്തിക വർഷത്തെ 22 പദ്ധതികളും ചേർത്ത് 1999-2000-ത്തിൽ 48 പദ്ധതികളും 2000-2001-ൽ 41 പദ്ധതികളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതതല കമ്മിറ്റി പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലമെടുപ്പ് നടപടികൾ വൈകുന്നതുമൂലം കാലതാമസം നേരിടുന്ന പദ്ധതികൾക്ക് പ്രസ്തുത നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട പഞ്ചായത്തുകളുമായി ഇക്കാര്യം ചർച്ചചെയ്യുന്നുമുണ്ട്. ഇതിനായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടിയും എടുത്തുവരുന്നു.

17 (*247) മത്സ്യഫെഡിൽനിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം

ശ്രീ. വി. ബാലറാം :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡിൽനിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും മറ്റു ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും കാലതാമസം ഉണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല, എഞ്ചിൻ തുടങ്ങിയവ വാങ്ങുന്നതിന് നൽകുന്ന സബ്സിഡി തുക എത്രയാണ്;

(ഇ) ഇത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 1. എൻ.സി.ഡി.സി. സാമ്പത്തിക സഹായത്തോടെയുള്ള സംയോജിത കടലോര മത്സ്യ വികസന പദ്ധതി

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ

3. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ.

4. രാഷ്ട്രീയ മഹിളാ ഖോഷ് ലോൺ

5. അനുയോജ്യമായ വല വിതരണം ചെയ്യൽ

6. ബാങ്കബിൾ സ്കീം

7. മോട്ടോറൈസേഷൻ സ്കീം.

8. ന്യൂ ജനറേഷൻ ക്രാഫ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly